**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് കളക്ടറേറ്റിനു മുന്നിൽ മഹാത്മാ ഗാന്ധിയുടെ പ്രതിമ സ്ഥാപിക്കുന്നതിനായി - കാസറഗോഡ് ജില്ലയിലെ 41 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1414/2019/തസ്വഭവ    തിരുവനന്തപുരം, തീയതി, 08/07/2019

---

പരാമർശം:- കാസറഗോഡ് ജില്ലാകളക്ടറുടെ 12/01/2019 ലെ DCKSGD/2708/18/M5 നമ്പർ കത്ത്.

**ഉത്തരവ്**

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്ന വേളയിൽ അദ്ദേഹത്തോടുള്ള ആദരസൂചകമായി കാസർഗോഡ് കളക്ടറേറ്റിനു മുന്നിൽ മഹാത്മാ ഗാന്ധിയുടെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം ഉയർന്ന സാഹചര്യത്തിൽ, പ്രദേശത്തെ ഒരു ശില്പി ശ്രീ.ഉണ്ണി കാനായി പ്രസ്തുത ഗാന്ധിയുടെ പ്രതിമ ഏകദേശം 35 ലക്ഷം രൂപ ചെലവിൽ 3 മാസക്കാലയളവിനുള്ളിൽ ചെയ്തു നൽകാമെന്ന് അറിയിച്ചതിൻപ്രകാരം ടി വിഷയം ജില്ലാ വികസന സമിതിയിൽ വിശദമായി ചർച്ചചെയ്യുകയും യോഗം ഇത് അംഗീകരിക്കുകയുമുണ്ടായി. ജില്ലയിലെ 41 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ (38 ഗ്രാമ പഞ്ചായത്തുകളും മൂന്ന് മുനിസിപ്പാലിറ്റികളും ഉൾപ്പെടെ) നിർമ്മാണ പ്രവൃത്തിക്കാവശ്യമായ തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകാമെന്ന് പ്രസ്തുത യോഗത്തിൽ സമ്മതിക്കുകയുണ്ടായി. ആയതിനാൽ ഗാന്ധി പ്രതിമയുടെ നിർമ്മാണത്തിന് ആവശ്യമായ തുക ലഭിക്കുന്നതിനായി ജില്ലയിലെ 41 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഒരു ലക്ഷം രൂപ വീതം സംഭാവനയായി നൽകുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് പരാമർശ കത്ത് പ്രകാരം കാസറഗോഡ് ജില്ലാകളക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികം ആഘോഷിക്കുന്ന വേളയിൽ കാസർഗോഡ് കളക്ടറേറ്റിനു മുന്നിൽ മഹാത്മാ ഗാന്ധിയുടെ പ്രതിമ സ്ഥാപിക്കുന്നതിനായി കാസറഗോഡ് ജില്ലയിലെ 41 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ (38 ഗ്രാമ പഞ്ചായത്തുകളും മൂന്ന് മുനിസിപ്പാലിറ്റികളും) നിന്നും ഒരു ലക്ഷം രൂപ വീതം തനത് ഫണ്ടിൽ നിന്നും സംഭാവനയായി നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ശ്രീജ.വി.**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാകളക്ടർ, കാസറഗോഡ്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കാസറഗോഡ് മുഖേന )

ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ(പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Reneelw

സെക്ഷൻ ഓഫീസർ